(ഡി) നിലവിൽ ലീസിനെടുത്തിട്ടുള്ള കെട്ടിടത്തിന്റെ സമീപ പ്രദേശത്ത് സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും സ്ഥലം വിട്ടുകിട്ടുകയാണെങ്കിൽ അതായിരിക്കും കൂടുതൽ അഭികാമ്യമെന്നും കൂടാതെ മാവേലിക്കരയിൽ ഈയിടെ തീയിൽ അടച്ചുപൂട്ടിയ ക്ലോറൈറ്റ് ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലത്തിൽനിന്നും നാലേക്കർ സ്ഥലം വിട്ടുകിട്ടിയാൽ കൂടുതൽ പ്രയോജനകരമാകുമെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഇ) അനുയോജ്യമായ സ്ഥലം ലഭ്യമായിക്കഴിഞ്ഞാൽ, മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ കെട്ടിടനിർമ്മാണം

141 (7110) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) ഏറനാട്, പെരിന്തൽമണ്ണ തഹസിൽദാർമാർ ഇതിനുള്ള സ്ഥലം സംബന്ധിച്ച് റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) മലപ്പുറം കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) ഏറനാട് തഹസിൽദാർ നലകിയ കത്തിന്റെ മറുപടിയായി പന്തല്ലൂർ വില്ലേജ് ഓഫീസ് കോമ്പൗണ്ടിലെ ഭൂമി ഐ.എച്ച്.ആർ.ഡി. കോളേജിന് അനുവദിക്കുന്നത് സംബന്ധിച്ച് 29-8-2008-ലെ 55028/23/2008 നമ്പർ സർക്കുലർ പ്രകാരം നിർവ്വാഹമില്ലാത്തതിനാൽ, സർക്കാരിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ തഹസിൽദാരുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) കോളേജിന് കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly